## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2285

26.03.2013 ൽ മറുപടിക്ക്

### ഇ-പ്രൊക്യൂർ മെൻറ്, ഇ-ടെൻഡറിംഗ്, ഇ-പേയ് മെൻറ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ എ. എം. ആരിഫ്

(എ) ഇ-പ്രൊക്യൂർ മെൻറ്, ഇ-ടെൻഡറിംഗ്, ഇ-പേയ് മെൻറ് തുടങ്ങിയ സംവിധാനങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിരിക്കുന്നത്; എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) & (ബി) 25 ലക്ഷത്തിനു മുകളിൽ തുക വരുന്ന എല്ലാ പർച്ചേസുകൾ/ടെണ്ടറുകൾ ഇ -പ്രൊക്യൂർമെന്റ് സംവിധാനം വഴി 31-03-13ന് മുൻപായി എല്ലാ സർക്കാർ വകുപ്പുകളിലും, ബോർഡുകളിലും , പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പബ്ലിക് വർക്ക്സ് വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, എസ് .സി-എസ് .ടി വകുപ്പ്, ഹയർ എഡ്യൂക്കേഷൻ വകുപ്പ് , ഐ ടി വകുപ്പ്, വ്യവസായ വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് വാട്ടർ ട്രാൻ സ്പോർട്ട് വകുപ്പ്, പോലീസ് വകുപ്പ്, ടൂറിസം വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, പോർട്ട് വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിൽ വന്നു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**